LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം

164 (230) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളം ഏത് തീയതി മുതലാണ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എന്താണ് റിപ്പോർട്ടിന്റെ വിശദവിവരങ്ങൾ ; ഇല്ലെങ്കിൽ റിപ്പോർട്ട് എന്നത്തേക്ക് ലഭിക്കും ;

(സി) പരിഷ്കരിച്ച ശമ്പളം എന്ന് മുതലാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-7-2009 മുതൽ പ്രാബല്യത്തോടെ 1-4-2011 മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ലഭ്യമായിട്ടില്ല.

(സി) 1-7-2009 മുതൽ പ്രാബല്യത്തോടെ 1-4-2011 മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം

165 (231) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് എന്ന് ലഭ്യമാക്കാനാണ് ഇപ്പോൾ നിർദ്ദേശം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ശമ്പള പരിഷ്കരണം എന്നുമുതൽ നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനു മുമ്പ് ഇപ്പോൾ കുടിശ്ശികയായ ക്ഷാമബത്ത ജീവനക്കാർക്ക് അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ;

(ഡി) ഇപ്പോൾ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ക്ഷാമബത്തയിൽ എത്ര ശതമാനം ശമ്പളത്തിൽ ലയിപ്പിച്ച് പരിഷ്കരണം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ശമ്പള പരിഷ്കരണത്തോടൊപ്പം ജീവനക്കാരുടെ മറ്റ് അലവൻസുകളും പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?